I/73279/2023

**കേരള സർക്കാർ**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കവടിയാർ, തിരുവനന്തപുരം 695003

www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

നം: ADFW/FIB/TVM/17/2023-C തീയതി :**07-02-2023**

**ക്വട്ടേഷൻ നോട്ടീസ്**

**വൈഗ 2023** അന്താരാഷ്ട്ര ശിൽപ്പശാലയും കാർഷിക പ്രദർശനവും 25/02/2023 മുതൽ 02/03/2023 വരെ തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിൽ വച്ച് കൃഷി വകുപ്പ് സംഘടിപ്പിക്കുന്നു. വൈഗ 2023 പരിപാടിയുടെ ഫോട്ടോ കവറേജ് ചെയ്യുന്നതിലേക്ക് തയ്യാറുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വൈഗ വേദിയായ തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിലും സെമിനാർ ഹാളുകളിലും മറ്റ് വൈഗ നടത്തുന്ന എല്ലാ വേദികളിലും നടക്കുന്ന മുഴുവൻ പരിപാടികളും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഫോട്ടോ കവറേജ് നടത്തേണ്ടതാണ്. കൂടുതൽ ഫോട്ടോഗ്രാഫെർമാരുടെ സേവനം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി / സ്ഥാപനം അവരുടെ ഉത്തരവാദിത്തത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ നിർദ്ദേശാ നുസരണം ഫോട്ടോഗ്രാഫെർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. എല്ലാ ചെലവുകളും ഉൾപ്പെടെ ഒരു ദിവസത്തെ നിരക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തണം.

ക്വട്ടേഷനുകൾ **14/02/2023 3** മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ കവടിയാർ (പി. ഓ) തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിലായി **"ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് വേണ്ടി വൈഗ 2023 പ്രചരണാർത്ഥം ഫോട്ടോ കവറേജ് ചെയ്യുന്നതിലേയ്ക്കുള്ള കൊട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ജോലി ഈ ഓഫീസിലെ ഉദ്യോഗസ്ഥർ വിലയിരുത്തുന്നതും ആയതിൽ ന്യൂനതകളോ കുറവുകളോ അപാകതകളോ വരുന്നപക്ഷം പേമെന്റിൽ അനുപാതികമായി കുറവ് വരുത്തുന്നതിനോ, പെയ്മെൻറ് നിരാകരിക്കുന്നതിനോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിന്നതിനും നിരസിക്കുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ക്വട്ടേഷനുകൾ **14/02/2023, 3.30** മൂന്ന് മണിക്ക് അപ്പോൾ ഹാജർ ഉള്ളവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ലഭിച്ച ക്വട്ടേഷനുകളിൽ എല്ലാ പ്രവർത്തിക്കും ഉൾക്കൊള്ളുന്ന ആകെ തുകയുടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ സ്ഥാപനത്തിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതാണ്.

**14/02/2023** ന് ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്തുള്ള പ്രവർത്തി ദിവസം **3.00 PM** വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും **3.30 PM** ന് തുറന്നു പരിശോധിക്കുന്നതും ആണ്. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ/ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

PADMAM S

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ**

പകർപ്പ്:
1) ഓഫീസ് നോട്ടീസ് ബോർഡ്
2) വെബ്സൈറ്റ്
3) ഫാം ന്യൂസ് സെക്ഷൻ
4) ഞാറ്റുവേല റേഡിയോ
5) മറ്റു പ്രധാന ഓഫീസുകൾ

Signed by Anil B K
Date: 07-02-2023 16:52:41
Reason: Approved

I/73279/2023